കോന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിൻ കീഴിൽ വരുന്ന പണികൾ

109 (3750) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിൻ കീഴിൽ വരുന്ന ഏതെല്ലാം പണികൾക്ക് അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് ; അവ എന്നാണ് സമർപ്പിച്ചതെന്നും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ ;

(ബി) എത്ര പണികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അതിൽ പണി തുടങ്ങാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ ;

(സി) കരാർ നൽകിയിട്ടും പണി തുടങ്ങാനാവാത്ത എത്ര പണികൾ ഉണ്ടെന്നും ഓരോന്നും തുടങ്ങാതിരിക്കാനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പണികൾ എത്രയുംവേഗം തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) പൊതുമരാമത്ത് വകുപ്പിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പണികൾ അറേഞ്ചുചെയ്യാറില്ല.

വികാസ്ഭവനിലെ ലിഫ്റ്റുകളുടെ പ്രവർത്തനം മുടങ്ങുന്നതായി പരാതി

110 (3751) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികാസ് ഭവനിൽ എത്ര ലിഫ്റ്റുകൾ ഉണ്ടെന്നും ഇവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇവിടെ എത്ര ലിഫ്റ്റ് ഓപ്പറേറ്റർമാർ ഉണ്ട് ;

(സി) ലിഫ്റ്റുകളുടെ പ്രവർത്തനം തുടർച്ചയായി മുടങ്ങുന്നതു കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ലിഫ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8 ലിഫ്റ്റുകൾ ഉണ്ട്. 6 എണ്ണം പ്രവർത്തിക്കുന്നുണ്ടെങ്കിലും പലപ്പോഴും 4 എണ്ണം മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂ.

(ബി) 11 പേർ.

LIBRARY ARCHIVES Kerala Legislative Assembly